## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ:ശ്രീമതി. അനുപമ റ്റി.വി.ഐ.എ.എസ്, സാമൂഹ്യ നീതി ഡയറക്ടർ)**

വിഷയം:- സാ.നീ.വ-ഐ.സി.പി.എസ്-എസ്.സി.പി.എസ്.- ജെ.ജെ. സ്ഥാപനങ്ങളിൽ അഡ്വാൻസ് ഇനത്തിൽ പിൻവലിക്കുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 07/01/2017 ലെ E-3682/2016 നമ്പർ കത്ത്.

2.29.03.2017 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നമ്പർ-19

**ഉത്തരവ് നമ്പർ- ICPS-4(A)/8158/17 തീയതി:27.06.2017**

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പ്രധാന ഘടകമായ ജെ.ജെ.സ്ഥാപനങ്ങളുടെ പ്രവർത്തന ഫണ്ട് Bill Allocation and Monitoring System ത്തിന്റെ (BAMS) മാനദണ്ഡങ്ങൾക്കനുസരിച്ചു വകുപ്പിലെ Subordinate controlling ഓഫീസർമാരായ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരുടെ പേരിൽ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും അലോട്ട്മെന്റായി തുക അനുവദിക്കുകയും DSJO ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടിന്റെ പേരിൽ അലോട്ട്മെന്റ് നൽകി വരുന്നു.

സ്ഥാപന സൂപ്രണ്ടുമാർ അലോട്ട്മെന്റായി ലഭിക്കുന്ന തുകയിൽ നിന്നും 20000/-രൂപ അഡ്വാൻസ് ഇനത്തിൽ പിൻവലിച്ചു വിനിയോഗിച്ചു വരുന്നു. പ്രസ്തുത തുക തീരുന്നതനുസരിച്ചു വീണ്ടും അഡ്വാൻസ് പിൻവലിക്കേണ്ടി വരുന്നു. എന്നാൽ സ്ഥാപനത്തിന്റെ ദൈനംദിനചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അഡ്വാൻസ് ഇനത്തിൽ പിൻവലിക്കുന്ന 20000/-രൂപയുടെ പരിധി വർദ്ധിപ്പിച്ചു നൽകണമെന്ന് മേൽപരാമർശം 1 പ്രകാരം തിരുവനന്തപുരം ജില്ലാ സാമൂഹ്യ നീതി ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ 29.03.2017 ൽ കൂടിയ ICPS എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ ചർച്ച ചെയ്യുകയും മേൽപരാമർശം 2 പ്രകാരം അഡ്വാൻസ് ഇനത്തിൽ പിൻവലിക്കാവുന്ന തുകയുടെ പരിധി 40000/-രൂപയായി വർദ്ധിപ്പിക്കുന്നതിനു തീരുമാനമാവുകയുണ്ടായി

ആയതിനാൽ ജെ.ജെ.സ്ഥാപനങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കായി DSJO അനുവദിക്കുന്ന തുക 20000/-രൂപയിൽ നിന്ന് 40000/-രൂപയായി (നാൽപ്പതിനായിരം രൂപ മാത്രം) പരിധി വർദ്ധിപ്പിച്ചു ഉത്തരവാകുന്നു.

മുൻകൂറായി തുക ആവശ്യമുണ്ടെങ്കിൽ മാത്രമേ ഇപ്രകാരം തുക മാറിയെടുക്കാൻ പാടുള്ളൂ. മുൻകൂറായി മാറുന്ന തുക സംബന്ധിച്ചു സ്ഥാപന സൂപ്രണ്ടുമാർ വ്യക്തമായ അക്കൗണ്ട് സൂക്ഷിക്കേണ്ടതും തുക കൃത്യമായി യഥാസമയം ക്രമീകരിക്കേണ്ടതുമാണ്. DSJO/DCPO സ്ഥാപനം സന്ദർശിക്കുമ്പോൾ അക്കൗണ്ട്സ്, രജിസ്റ്റർ എന്നിവ പരിശോധിച്ചു ഇനീഷ്യൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ & മെംബർ സെക്രട്ടറി,SCPS

എല്ലാ ജെ.ജെ.സ്ഥാപന മേധാവികൾക്കും

പകർപ്പ്:

- എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
- എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
- പ്രോഗ്രാം മാനേജർ,SCPS
- ICPS – 4
- സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്